# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, കവടിയാർ പി.ഒ, തിരുവനന്തപുരം-695003, ഫോൺ: 0471 2315009
Website: www.travancoredevaswomboard.org, e-Mail – secretarytdbtvm@gmail.com


നമ്പർ: ROC.16335/2017/EDP

ദേവസ്വം ബോർഡ് ഓഫീസ്
തിരുവനന്തപുരം. 01/07/2025

## സർക്കുലർ

**വിഷയം :** തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ജി-സ്പാർക്ക് സംവിധാനം നടപ്പിലാക്കിയ സംഗതി- 2025 ജൂൺ മാസത്തെ ശമ്പളം വിതരണം ചെയ്യുന്നത് - സംബന്ധിച്ച്

**സൂചന:** 04/06/2025 ലെ ആർ.ഒ.സി 16335/17/ഇഡിപി നമ്പർ ബോർഡ് ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ 2024 മെയ് മാസം മുതലുള്ള ശമ്പളം ജി-സ്പാർക്ക് വഴി മാത്രമേ വിതരണം നടത്താൻ പാടുള്ളൂവെന്ന് നിർദേശിച്ച് സൂചന ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ജി-സ്പാർക്ക് സംബന്ധിച്ച സംശയ നിവാരണത്തിനായി സ്പാർക്ക് പ്രൊജക്ട് മാനേജ്മെന്റ് യൂണിററിന്റെയും(PMU) ദേവസ്വം ബോർഡ് ഐടി ഡിവിഷന്റെയും നേതൃത്വത്തിൽ 4 ഓൺലൈൻ ട്രയിനിംഗ് സെഷനുകൾ 2025 ജൂൺ മാസത്തിൽ നടത്തുകയുണ്ടായി. അതോടൊപ്പം ജി-സ്പാർക്ക് നടപ്പിലാക്കിയതിന്റെ അവലോകന യോഗം 2025 ജൂൺ 21-ാം തീയതി ദേവസ്വം ബോർഡ് ആസ്ഥാനത്ത് നടത്തുകയുണ്ടായി. ആയതിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ 99% ജീവനക്കാരുടെയും ശമ്പളം സ്പാർക്ക് സംവിധാനം വഴി പ്രോസസ്സ് ചെയ്യുവാൻ സജ്ജമാണെന്ന് വിലയിരുത്തി.

ജി-സ്പാർക്ക് ശമ്പള വിതരണ സംവിധാനത്തിന്റെ നിലവിലെ പ്രവർത്തനം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ജി-സ്പാർക്ക് സംവിധാനം മുഖേന ശമ്പളം വിതരണം ചെയ്യുന്നത് സംബന്ധിച്ച് ചുവടെ വിവരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എല്ലാ ജീവനക്കാരുടെയും 2025 ജൂൺ മാസത്തെ ശമ്പളം ജി സ്പാർക്ക് സംവിധാനം മുഖേന പ്രോസസ്സ് ചെയ്യേണ്ടതാണ്.
2. ജി-സ്പാർക്കിലെ സാങ്കേതിക തടസ്സങ്ങൾ കാരണമോ, സർവ്വീസ് ബ്രേക്ക് റഗുലറൈസേഷൻ, സ്ഥലംമാറ്റം എന്നീ കാരണങ്ങളാലോ ജി-സ്പാർക്ക് വഴി ശമ്പളം പ്രോസസ്സ് ചെയ്യുവാൻ കഴിയാത്ത ജീവനക്കാർക്ക് അവരുടെ ശമ്പളം മാനുവൽ ആയി പ്രോസസ്സ് ചെയ്യേണ്ടതാണ്.
3. മേൽപ്രകാരം മാനുവലായി ശമ്പളം പ്രോസസ്സ് ചെയ്യുന്ന ജീവനക്കാരുടെ വിവരങ്ങൾ അതാത് ഡി.ഡി.ഒ മാർ ജൂലൈ 15 ന് മുമ്പായി ഐടി ഡിവിഷനിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.
4. ഏതെങ്കിലും ജീവനക്കാരന്റെ സർവ്വീസ്, സസ്പെൻഷൻ മൂലമോ, മറ്റെന്തെങ്കിലും കാരണങ്ങളാലോ റഗുലറൈസ് ചെയ്യാതിരിക്കുന്നപക്ഷം ടി ജീവനക്കാരന്റെ പേരിലുള്ള നടപടികൾ പൂർത്തിയാക്കി, സർവ്വീസ് റഗുലറൈസ് ചെയ്യുന്നതിനുള്ള ശിപാർശ ജുലൈ 30 ന് മുമ്പായി ദേവസ്വം കമ്മീഷണർ ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5. ജി-സ്പാർക്ക് പ്രോസസ്സ് ചെയ്യാത്തതിന്റെ പേരിൽ യാതൊരു കാരണവശാലും തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പളം മുടങ്ങുവാൻ പാടില്ലാത്തതാകുന്നു. ബന്ധപ്പെട്ട ഡി.ഡി.ഒ മാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതും ആയതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.
6. ജി-സ്പാർക്ക് സോഫ്റ്റ്‌വെയറിൽ ഏതെങ്കിലും തരത്തിലുള്ള ഭേദഗതികൾ വേണമെന്ന് അഭിപ്രായമുള്ള ഡി.ഡി.ഒ മാർ, ആയത് സംബന്ധിച്ച വിശദമായ ശിപാർശകൾ 2025 ജൂലൈ 15 ന് മുമ്പായി ഐടി ഡിവിഷനിലേക്ക് രേഖാമൂലം അറിയിക്കേണ്ടതാണ്.
7. 2025 ജൂൺ 21ന് ചേർന്ന അവലോകന യോഗ തീരുമാനപ്രകാരം എല്ലാ ഗ്രൂപ്പുകളിലെയും ജീവനക്കാർക്ക് അടിസ്ഥാന കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിലേക്കായി പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് ഓരോ ഗ്രൂപ്പിലും അനുയോജ്യമായ സ്ഥലം കണ്ടെത്തി വിവരം റിപ്പോർട്ട് ചെയ്യുന്നതിന് അതാത് ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരെ ചുമതലപ്പെടുത്തുന്നു.
8. പ്രസ്തുത പരിശീലന പരിപാടികൾ നടത്തപ്പെടുന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുള്ള റിപ്പോർട്ടും സമയക്രമവും ശിപാർശ ചെയ്യുന്നതിന് ഡിജിറ്റൈസേഷൻ വിഭാഗം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

**സെക്രട്ടറി**
**തിരുവിതാംകൂർ ദേവസ്വം ബോർഡ്**

**പകർപ്പ്:**

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ
3. തിരുവാഭരണം കമ്മീഷണർ, ആറന്മുള
4. ലാ ആഫീസർ
5. ഫൈനാൻസ് & അക്കൗണ്ട്സ് ഓഫീസർ
6. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
7. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
8. എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല
9. ഡയറക്ടർ, സാംസ്കാരിക-പുരാവസ്തു വിഭാഗം
10. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
11. എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും
12. എല്ലാ അസിസ്റ്റന്റ് സെക്രട്ടറിമാർക്കും
13. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
14. എല്ലാ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർമാർക്കും
15. ഐ.റ്റി ഡിവിഷൻ *(വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)*
16. സെക്ഷൻ ഫയൽ
17. ഫെയർ ഓഫീസ് കോപ്പി.